# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1695

06-03-2017- ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ വിധവകൾക്കുള്ള ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ വിധവകൾക്കുള്ള ഭവന പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിച്ച വീടുകൾ എത്ര; ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എത്ര; വിശദാംശങ്ങൾ നൽകുമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ ന്യൂനപക്ഷ വിധവകൾക്കുള്ള ഭവന പദ്ധതിയിലെ വീടുകൾ ഒന്നും പൂർത്തിയായിട്ടില്ല. ന്യൂനപക്ഷക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന വിധവ/ വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള വീട് നിർമ്മിക്കുന്നതിന്റെ ധനസഹായം ജില്ലാ കളക്ടർമാർ വഴിയാണ് വിതരണം ചെയ്യുന്നത്. ഇതനുസരിച്ച് ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 31 കോടി രൂപയും വിവിധ ജില്ലകളിലായി 1240 വീടുകൾ നിർമ്മിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും സെലക്ഷൻ കമ്മിറ്റി കൂടുകയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് അർഹമെന്ന് കണ്ടെത്തിയ അപേക്ഷകൾ വില്ലേജ് ആഫീസർമാരുടെ ഫീൽഡ് വെരിഫിക്കേഷന് അയക്കുകയും ചെയ്തിട്ടുണ്ട്. മിക്ക ജില്ലകളിലും ഫീൽഡ് വെരിഫിക്കേഷൻ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമലിസ്റ്റ് വൈകാതെ പ്രസിദ്ധീകരിക്കുന്നതാണ്. മറ്റ് ജില്ലകളിൽ ഫീൽഡ് വെരിഫിക്കേഷൻ അന്തിമഘട്ടത്തിലാണ്. ഒരു വീടിന് ധനസഹായമായി രണ്ടര ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഫീൽഡ് വെരിഫിക്കേഷനിൽ അർഹരായി കണ്ടെത്തുന്ന അപേക്ഷകർക്ക് ഒന്നാം ഗഡുവായ 20% തുകയായ 50,000/- രൂപ ഉടനടി അനുവദിക്കുന്നതാണ്. രണ്ടാം ഗഡുവായ 50% തുകയായ 1,25,000/ രൂപ വീടിന്റെ ബേയ്സ്മെന്റ് പൂർത്തിയാക്കുമ്പോഴും അവസാന ഗഡുവായ 30% തുകയായ 75,000/- രൂപ വീടിന്റെ മേൽക്കൂര പൂർത്തിയാകുന്ന മുറയ്ക്കും നൽകുന്നതാണ്. ഇപ്രകാരം വീടുകൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) | 2016-17 വർഷത്തെ ബജറ്റിൽ എത്ര തുകയാണ് ഈ പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്; ഇതിൽ എത്ര തുക ഇതിനകം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | 31 കോടി രൂപ. മുഴുവൻ തുകയും ഖജനാവിൽ നിന്നും മാറി അതതു ജില്ലാ കളക്ടർമാരുടെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഇനി എത്ര തുക കൂടി വിനിയോഗിക്കാനാകും എന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ? | (സി) | മുഴുവൻ തുകയും വിനിയോഗിക്കാനാവും |

സെക്ഷൻ ഓഫീസർ